ഗുരുവായൂർ മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി

80 (4431) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ മണ്ഡലത്തിൽ മാവേലി സ്റ്റോറുകളില്ലാത്ത ഒരുമനയൂർ, കടപ്പുറം, പുനയൂർ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കും എന്ന പ്രഖ്യാപനത്തിനുശേഷം കേരളത്തിൽ എത്ര മാവേലി സ്റ്റോറുകൾ തുടങ്ങി എന്നറിയിക്കുമോ ?

ഉത്തരം

(എ) കടപ്പുറം, ഒരുമനയൂർ പഞ്ചായത്ത് അധികൃതർ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പുന്നയൂർ പഞ്ചായത്തിൽ ആൽത്തറയിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

(ബി) മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കും എന്ന പ്രഖ്യാപനത്തിനുശേഷം ഈ വർഷം ഇതേവരെ 20 പുതിയ മാവേലി സ്റ്റോറുകൾ പ്രവർത്തനം തുടങ്ങി.

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി

81 (4432) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുന്ന പാരിപ്പള്ളിയിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ബി) എന്നത്തേക്ക് പ്രസ്തുത സ്ഥലത്ത് മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്. ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാരിപ്പള്ളിയിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം മേഖലാ

LIBRARY ARCHIVES Kerala Legislative Assembly